സ്വീകരിക്കാൻ ആഗ്രഹിക്കുന്നില്ല. അതുകൊണ്ട് പ്രതിപക്ഷനേതാവ് ഇവിടെ ചൂണ്ടിക്കാണിച്ച എല്ലാ പ്രശ്നത്തിന്റെയും ഗൗരവം ഗവൺമെന്റ് ഉൾകൊണ്ടുകൊണ്ട് അടിയന്തിരമായി പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

മി. സ്പീക്കർ : ബഹുമാനപ്പെട്ട വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിയുടേയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടേയും മറുപടിയുടെ വെളിച്ചത്തിൽ അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിക്കുന്നു.

(അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

III ശ്രദ്ധക്ഷണിക്കൽ

(1) പമ്പ, അച്ചൻകോവിൽ നദികളിലെ ജലം തമിഴ്നാട് തിരിച്ചുവിടുന്നതുമൂലമുള്ള പ്രശ്നങ്ങൾ

ശ്രീ. രാജു എബ്രഹാം : സർ, പമ്പ, അച്ചൻകോവിൽ നദികളിലെ ജലം തമിഴ്നാട്ടിലെ വൈപ്പാർനദികളുമായി ബന്ധിപ്പിക്കാനുള്ള തീരുമാനം ഏതാണ്ട് യാഥാർത്ഥ്യമായിട്ടുള്ള ഒരു ഘട്ടത്തിലാണ് ഞാൻ ഈ കാളിംഗ് അറ്റൻഷൻ ഇവിടെ അവതരിപ്പിക്കുന്നത്. ഇതിന് മുമ്പ് ഇതുസംബന്ധിച്ച് രണ്ട് സബ്മിഷനുകളാണ് ശ്രീ. അടൂർ പ്രകാശ് അടക്കം ഈ സഭയിൽ ഉന്നയിച്ചിരുന്നത്. അന്നൊക്കെ പുലിവരുന്നേ പുലിവരുന്നേ എന്ന പറച്ചിലായിരുന്നു. പുലിവന്നു. ഇപ്പോൾ 68 കോടി രൂപ മുടക്കി അവിടെ ഹനുമാൻ തോടിനു കുറുകെ വലിയ ഒരു അണക്കെട്ട് നിർമ്മാണം പൂർത്തിയാക്കി എന്നു മാത്രമല്ല അടുത്ത കാലത്ത് പത്രലേഖകർ അവിടെ ചെന്നപ്പോൾ ഒരു തുള്ളി മഴ പെയ്യാത്ത ആ പ്രദേശത്തെ അണക്കെട്ടിൽ 80 അടി വെള്ളം നിറഞ്ഞിരിക്കുന്നു. തൂവൽമല കേരളത്തിന്റേതാണെങ്കിലും അവിടെ നമ്മുടെ വനം വകുപ്പിന്റെയോ വൈദ്യുതി ബോർഡിന്റെയോ ഉദ്യോഗസ്ഥന്മാരെ കയറ്റിവിടുന്നില്ല. ആദിവാസികളെ കയറ്റിവിടുന്നില്ല. അവിടെനിന്നും തുരങ്കംവഴി ഇവിടേയ്ക്ക് ജലം എത്തിക്കുന്നുവെന്നാണ് ഇപ്പോൾ ലഭ്യമായിട്ടുള്ള വിവരം. നമ്മുടെ സംസ്ഥാനത്ത് ഈ രണ്ടു നദികൾ കേന്ദ്രമാക്കി ടിൻ കല്ലാർ പദ്ധതിക്കുവേണ്ടി അപേക്ഷ സമർപ്പിച്ചിട്ട് കേന്ദ്രഗവൺമെന്റ് അത് പരിഗണിച്ചില്ല. 10 സ്കയർ കിലോമീറ്റർ മാത്രം വനം നഷ്ടപ്പെടുമായിരുന്നത് വിട്ടിട്ട് ഇപ്പോൾ 4000 സ്കയർ കിലോമീറ്റർ ഉൾപ്പെടുന്ന ഈ അടവിനയനാർ കോവിലണക്കെട്ടുമായി ബന്ധപ്പെട്ട വൈദ്യുത പദ്ധതിക്ക് ഇപ്പോഴാണ് അനുമതി കൊടുത്തിരിക്കുന്നത്. നമ്മുടെ സംസ്ഥാന ഗവൺമെന്റിന്റെ സ്ഥിതി എന്താണ് ? ഇപ്പോൾ ടാസ്ക്ഫോഴ്സിന്റെ ചെയർമാൻ ശ്രീ. സുരേഷ് പ്രഭു. അദ്ദേഹം നമുക്കിപ്പോൾ അന്ത്യശാസനം നൽകിയിരിക്കുകയാണ്. നമ്മുടെ കേസ് പാർലമെന്ററി സമിതിയുടെ മുമ്പാകെ അവതരിപ്പിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. നാഷണൽ വാട്ടർ ഏജൻസിക്ക് മുമ്പാകെ നമ്മുടെ കേസ് അവതരിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. ഇവിടെ സി.ഡബ്ല്യു.ആർ.ഡി എന്ന സ്ഥാപനം നടത്തിയ പഠനത്തിൽ പറഞ്ഞിരിക്കുന്നത് 2050 -ൽ കേരളത്തിൽ കുടിവെള്ളം

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാവുകയില്ല എന്നാണ്. സുപ്രീംകോടതി തന്നെ ഇതുസംബന്ധിച്ച് അഭിപ്രായങ്ങൾ ആരായണം എന്നു പറഞ്ഞപ്പോൾ തമിഴ്നാട് മാത്രമാണ് മറുപടി നൽകിയത്. കേരളം മറുപടി നൽകിയിട്ടില്ല. ഈ നില തുടർന്നാൽ ശബരിമലയിൽ തീർത്ഥാടകർക്ക് വെള്ളം കിട്ടാത്ത സ്ഥിതി ഉണ്ടാകും. 50- 60-ൽപ്പരം ശുദ്ധജലപദ്ധതികൾ ഈ രണ്ട് നദികളിലുണ്ട്. അവിടങ്ങളിൽ വെള്ളം ഉണ്ടാവുകയില്ല. മാരാമൺ, ചെറുകോൽപ്പുഴ , പരുമല അടക്കമുള്ള തീർത്ഥാടന കേന്ദ്രങ്ങൾ നിലനിൽക്കുന്ന ഒരു പ്രദേശമാണ് . അതീവഗുരുതരവും സങ്കീർണ്ണവുമായിട്ടുള്ള ഒരു പ്രശ്നത്തിലേയ്ക്കാണ് ഇപ്പോൾ കാര്യങ്ങൾ എത്തിച്ചേർന്നിരിക്കുന്നത്. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഇവിടെ പ്രശ്നം നിൽക്കുന്നില്ല. ഇവിടെ മുല്ലപ്പെരിയാറുണ്ട്. ആ മുല്ലപ്പെരിയാറിലെ വെള്ളം ഉപയോഗിച്ച് അവിടെ വൈദ്യുതിയുണ്ടാക്കാൻ പോവുകയാണ്. പറമ്പിക്കുളം അലിയാർ പദ്ധതികളിൽ നിന്ന് നമുക്ക് ലഭ്യമാകേണ്ട വെള്ളം കിട്ടുന്നില്ല. നമുക്ക് ആകെ 5 ടി.എം.സി. വെള്ളം മാത്രമാണ് ഇവിടെ കിട്ടിയിരിക്കുന്നത്. ഭവാനിപ്പുഴയ്ക്ക് കുറുകേ മുക്കാലിയിൽ ബണ്ട് കെട്ടുന്നതിനെ തടസ്സപ്പെടുത്തി. ശിരുവാണിയിൽ 3 ഷട്ടർ, നമുക്ക് തുറക്കേണ്ട 3 ഷട്ടറുകൾ തമിഴ്നാട് തുറക്കുന്നില്ല. ആന്ധ്രാപ്രദേശിലെ കൃഷ്ണനദിയിൽ നിന്ന് എടുക്കുന്ന അധിക ജലത്തിന് കഴിഞ്ഞ വർഷം തമിഴ്നാട് കൊടുത്തത് 9 കോടി രൂപയാണ്. പക്ഷേ കേരളത്തിൽനിന്നു സൗജന്യമായി ഈ ജലം മുഴുവൻ കൊണ്ടുപോകുന്നു. 3000 മില്ലിമീറ്റർ മഴ പെയ്യുന്ന ഈ കേരളത്തിൽ കേവലം 10 മാസം മാത്രമാണ് തുടർച്ചയായി മഴ കിട്ടുന്നത് . 12 മണിക്കൂറിനുള്ളിൽ ഈ മഴത്തുള്ളികൾ മുഴുവൻ അറബിക്കടലിൽ എത്തുന്ന ഒരു സംസ്ഥാനമാണ് നമ്മുടെ സംസ്ഥാനം. അത്തരം ഒരു സംസ്ഥാനത്ത് യാതൊരുവിധ മുൻകാഴ്ചപ്പാടുമില്ലാതെ ഈ സ്ഥിതി തുടർന്നാൽ സ്വാഭാവികമായും 2050 -ൽ കോഴിക്കോട് ഏജൻസി പറഞ്ഞതുപോലെ കേരളത്തിൽ ഒരു തുള്ളിവെള്ളം പോലും കിട്ടാത്ത അവസ്ഥയുണ്ടാകും. ഈ അടിസ്ഥാനത്തിൽ പ്രശ്നം വളരെ ഗൗരവമായി പരിഗണിച്ചുകൊണ്ട് കേരളത്തിന്റെ ഉറച്ചനിലപാട് സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകണമെന്നു അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) : ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ച പ്രശ്നത്തിന്റെ ഗൗരവം ഗവൺമെന്റ് ശരിക്കും
10 A.M] ഉൾക്കൊണ്ടിട്ടുണ്ട്. ഇവിടെ ഇന്ന് ശ്രദ്ധക്ഷണിക്കലിന് ആധാരമായി പറഞ്ഞിരിക്കുന്നത് പമ്പ, അച്ചൻകോവിൽ നദീജല പ്രശ്നമാണെങ്കിലും അതോടൊപ്പം ബഹുമാനപ്പെട്ട മെമ്പർ അന്തർ സംസ്ഥാന നദീജല തർക്കങ്ങളെക്കുറിച്ചുള്ള പ്രശ്നത്തെക്കുറിച്ചുകൂടി പറഞ്ഞു. ഈ പ്രശ്നം പലവട്ടം ഈ നിയമസഭയിൽ ചർച്ചയ്ക്ക് വന്നതാണ്. ബഹുമാന്യനായ അടൂർ പ്രകാശ് ഈ പ്രശ്നം സഭയിൽ ഉന്നയിച്ചപ്പോൾ അന്ന് മറുപടി പറഞ്ഞതാണ്. പ്രതിപക്ഷ നേതാവ് പല സന്ദർഭങ്ങളിലും ഈ പ്രശ്നത്തിന്റെ ഗൗരവം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. അതിന്റെയെല്ലാം അടിസ്ഥാനത്തിൽ അന്തർ സംസ്ഥാന നദീജല തർക്കം മൊത്തത്തിൽ ചർച്ച ചെയ്യുന്നതിനുവേണ്ടി ഈ മാസം മുപ്പതാം തീയതി വൈകുന്നേരം തൈക്കാട് ഗസ്റ്റ് ഹൗസിൽവച്ച് ആൾ പാർട്ടി മീറ്റിംഗ് കൂടുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly

തീരുമാനിച്ചിട്ടുണ്ട്. കാരണം ഇത് രാഷ്ട്രീയ പ്രശ്നമല്ല. നദീജല പ്രശ്നം കേരളത്തിന്റെ നിലനിൽപ്പിന്റെ പ്രശ്നമാണ്. ഇനി കേരളത്തിൽ ഏറ്റവും രൂക്ഷമാകാൻ പോകുന്ന പ്രശ്നങ്ങൾ കുടിവെള്ള പ്രശ്നം, കൃഷിയ്ക്കുള്ള വെള്ളത്തിന്റെ പ്രശ്നം, വിദ്യുച്ഛക്തി ഉൽപ്പാദിപ്പിക്കുവാനുള്ള പ്രശ്നം എന്നിവയാണ്. അതുകൊണ്ട് വരാൻ പോകുന്ന വർഷങ്ങളിൽ കേരളം നേരിടാൻ പോകുന്ന ഏറ്റവും ഗുരുതരമായ പ്രശ്നം നദീജല പ്രശ്നമാണ്, വെള്ളത്തിന്റെ പ്രശ്നമാണെന്ന് മനസ്സിലാക്കി അതീവ ഗൗരവത്തോടുകൂടി കാണുന്നു. ഇത് ഭരണ കക്ഷിയുടെയോ യു.ഡി.എഫിന്റേയോ ഗവൺമെന്റിന്റേയോ പ്രശ്നമായിട്ട് കാണുന്നില്ല. പ്രതിപക്ഷ പാർട്ടികളെക്കൂടി വിശ്വാസത്തിൽ എടുത്തുകൊണ്ട് കേരളത്തിന്റെ താൽപ്പര്യങ്ങളിൽ വളരെക്കൂടുതൽ ഉത്കണ്ഠയുള്ള എല്ലാ പ്രധാനപ്പെട്ട ആൾക്കാരുടെയും സഹകരണത്തോടുകൂടി ഈ പ്രശ്നം കൈകാര്യം ചെയ്യാൻ ആഗ്രഹിക്കുകയാണ്. അതിന്റെ ആദ്യ പടിയായിട്ടാണ് മുപ്പതാം തീയതി ആൾ പാർട്ടി മീറ്റിംഗ് ഗവൺമെന്റ് വിളിച്ചു ചേർത്തിരിക്കുന്നത്. പമ്പ,അച്ചൻകോവിൽ നദികളിൽനിന്ന് തമിഴ്നാട്ടിലേയ്ക്ക് ജലം കടത്തിക്കൊണ്ടു പോകാനുള്ള സംവിധാനം ഇപ്പോൾ നിലവിലില്ല. അതുകൊണ്ട് പുതിയ ഒരു സംവിധാനം ഉണ്ടാക്കുവാനുള്ള ശ്രമമാണ് ഇപ്പോൾ നടത്തുന്നത്. പമ്പ, അച്ചൻകോവിൽ ആറുകളിലെ ജലം തമിഴ്നാട്ടിലേയ്ക്ക് വൈപ്പാറിലേയ്ക്ക് തിരിച്ചു വിടാനുള്ള ഒരു ശ്രമം നടക്കുന്നുണ്ട്. തമിഴ്നാട് ഗവൺമെന്റ് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഹനുമാൻ നദിയിൽ ഒരു അണക്കെട്ട് നിർമ്മിച്ചിട്ടുണ്ട്. തമിഴ്നാടിന്റെ പ്രദേശത്ത് അണക്കെട്ട് നിർമ്മിക്കുന്നതിനെ നമുക്ക് എതിർക്കുവാൻ പറ്റുകയില്ല. കാരണം അത് അവരുടെ പ്രദേശത്താണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ കാര്യമായ മഴയൊന്നുമില്ലാത്ത ആ പ്രദേശത്ത് നൂറു കോടിയോളം രൂപ മുടക്കി ഇത്രയും ദീർഘമായ ഒരു അണക്കെട്ട് നിർമ്മിക്കേണ്ടതിന്റെ ആവശ്യം എന്താണെന്ന് കേരള ഗവൺമെന്റിന് മനസ്സിലാകുന്നില്ല. മിക്കവാറും നമ്മുടെ നദികളിലെ വെള്ളം അങ്ങോട്ട് കൊണ്ടുപോകാനുള്ള സാഹചര്യം ഉണ്ടാകുമ്പോൾ അതുകൂടി കണ്ടുകൊണ്ടാണ് അവർ ഇങ്ങനെയൊരു അണക്കെട്ട് ഹനുമാൻ നദിയിൽ ഉണ്ടാക്കിയിട്ടുള്ളത്. കേരളത്തെ സംബന്ധിച്ചിടത്തോളം ഈ പ്രശ്നം വളരെ ഗൗരവമാണ്. കാരണം തമിഴ്നാട് ഗവൺമെന്റ് ആഗ്രഹിക്കുന്നതുപോലെ, കേന്ദ്രത്തിലെ പലരും ആഗ്രഹിക്കുന്നതുപോലെ പമ്പ, അച്ചൻകോവിൽ നദികളിലെ ജലം വൈപ്പാറിലേയ്ക്ക് തിരിച്ചുവിട്ടാൽ ജല വിതരണം ആകെ തകരും. കേരളത്തിലെ പന്ത്രണ്ടോളം കുടിവെള്ള പദ്ധതികൾ ആകെ തകരാറിലാകും. നമ്മുടെ ജല വൈദ്യുത പദ്ധതികൾ പലതും അപകടത്തിലാകും. കുട്ടനാട് നാമാവശേഷമാകും. അതോടൊപ്പംതന്നെ കേരളത്തിന്റെ പരിസ്ഥിതി പ്രശ്നങ്ങൾ ആകെ തകിടം മറിയും. ആയിരക്കണക്കിന് ഏക്കർ നിബിഡവനങ്ങൾ വെള്ളത്തിലാകും. പതിനായിരക്കണക്കിന് ജനങ്ങൾ പ്രയാസത്തിലാകും. ഈ ഗൗരവാവസ്ഥയെക്കുറിച്ച് ഗവൺമെന്റിന് ബോധ്യമുണ്ട്. മാത്രമല്ല, നമ്മുടെ സ്റ്റഡിയനുസരിച്ച് പമ്പ, അച്ചൻകോവിൽ നദികളിൽ മിച്ച ജലമില്ല. കുറെ വർഷം കഴിഞ്ഞാൽ ഇവിടെയും രൂക്ഷമായ ജലക്ഷാമമുണ്ടാകുമെന്നാണ് നമ്മുടെ സ്റ്റഡി വ്യക്തമാക്കിയിരിക്കുന്നത്. അതുകൊണ്ട് ഞങ്ങൾ ഇതിന്

LIBRARY ARCHIVES Kerala Legislative Assembly

അനുകൂലമല്ലെന്ന് ആദ്യമേ പറഞ്ഞിട്ടുണ്ട്. പമ്പ, അച്ചൻകോവിൽ നദികളിലെ വെള്ളം വൈപ്പാറിലേയ്ക്ക് തിരിച്ചുവിടാനുള്ള നീക്കത്തിന് കേരളാ ഗവൺമെന്റ് അനുകൂലമല്ലെന്ന് അതിശക്തമായ നിലയിൽ പ്രധാനമന്ത്രിയെ അറിയിച്ചിട്ടുണ്ട്. പാർലമെന്ററി കമ്മിറ്റി വന്നപ്പോൾ അവരെ അറിയിച്ചിട്ടുണ്ട്. സുരേഷ്പ്രഭു എനിക്ക് കത്തയച്ചു. ഞാൻ അതിനകത്ത് വളരെ വ്യക്തമായിത്തന്നെ മറുപടി പറഞ്ഞു: ഞങ്ങൾക്ക് ഇത് സാദ്ധ്യമല്ല. ഞങ്ങളുടെ നിലനിൽപ്പിന്റെ പ്രശ്നമാണ്. ഈ പറയുന്ന ജലം അങ്ങനെ തിരിച്ചുവിട്ടാൽ കേരളത്തിൽ രൂക്ഷമായ പ്രശ്നമുണ്ടാകും. അത് ഗവൺമെന്റ് അനുകൂലിക്കുന്ന പ്രശ്നമില്ല. ശക്തമായി എതിർക്കുകയാണ്. അത് കേന്ദ്രത്തേയും അറിയിച്ചിട്ടുണ്ട്. എല്ലാവരേയും അറിയിച്ചിട്ടുണ്ട്. അത് രഹസ്യമായിട്ടല്ല, പരസ്യമായിട്ട്. ഈ പ്രശ്നമുൾപ്പെടെ അന്തർ സംസ്ഥാന നദീജല പ്രശ്നങ്ങൾ എങ്ങനെ കൈകാര്യം ചെയ്യണമെന്ന് നമുക്ക് മുപ്പതാം തീയതി കൂടുന്ന ആൾ പാർട്ടി മീറ്റിംഗിൽ ചർച്ച ചെയ്യാം. പമ്പ, അച്ചൻകോവിൽ അന്തർ സംസ്ഥാനമല്ല, അത് നമ്മുടെ നദിയാണ്. ഇതിൽ ഒരു തുള്ളി വെള്ളംപോലും നമ്മുടെ സമ്മതമില്ലാതെ എടുക്കുവാൻ ആർക്കും അവകാശമില്ല. കേരള സംസ്ഥാനത്തിന് മാത്രം അവകാശപ്പെട്ട നദിയാണ് പമ്പയും അച്ചൻകോവിലും. അത് കേരളത്തിന്റെ മാത്രം സ്വത്താണ്. അതിന്മേൽ കയ്യേറ്റം നടത്താൻ ആർക്കും അനുവാദമില്ല. ഇൻഡ്യൻ ഭരണഘടന അനുസരിച്ചിട്ട് സംസ്ഥാനത്തിന്റെ സ്വത്ത് സംസ്ഥാനത്തിനു മാത്രമാണ്. നമ്മൾ സമ്മതിച്ചാൽ മറ്റുള്ളവർക്ക് വെള്ളം കൊടുക്കാം എന്നുള്ളതല്ലാതെ നമ്മുടെ അനുവാദമില്ലാതെ ഒരു തുള്ളി വെള്ളമെടുക്കുവാൻ ആർക്കും സാധ്യമല്ല. ഈ പ്രശ്നമുൾപ്പടെ മറ്റ് അന്തർ സംസ്ഥാന നദീ ജല പ്രശ്നങ്ങൾകൂടി ചർച്ച ചെയ്യാൻ വേണ്ടിയിട്ടാണ് ആൾ പാർട്ടി മീറ്റിംഗ് മുപ്പതാം തീയതി വിളിക്കുന്നത്. അവിടെ വിശദമായി ചർച്ച ചെയ്യാം ; നമുക്കൊരുമിച്ച് ഒരു തീരുമാനമെടുക്കാം. ഇതിനൊന്നും നമ്മൾ തമ്മിൽ തർക്കമില്ല. സംസ്ഥാനത്തിന്റെ പൊതുവായ പ്രശ്നങ്ങൾ വരുന്ന സന്ദർഭത്തിൽ ഒറ്റക്കെട്ടാണ്. പ്രതിപക്ഷത്തെ വിശ്വാസത്തിൽ എടുത്തുകൊണ്ട് നമുക്ക് ഒരുമിച്ച്, ഒറ്റക്കെട്ടായി ഇത്തരം കാര്യങ്ങളിൽ അനുകൂലമായ നിലപാട് സ്വീകരിക്കാം. ഭരണ കക്ഷിയിലെ അടൂർ പ്രകാശ് ഉൾപ്പെടെ ഈ പ്രശ്നം എത്രയോ തവണ ഉന്നയിച്ചിട്ടുണ്ട്. ശ്രീ. രാജു എബ്രഹാം പറയുന്നത് ശരിയാണ്, വിട്ടുകൊടുക്കാൻ പാടില്ലായെന്ന് ഇപ്പോഴും അടൂർ പ്രകാശ് എന്റെ ചെവിയിൽ വന്ന് പറഞ്ഞു. ഇതെല്ലാം ഗൗരവമായിട്ടുള്ളതാണ്. അതുകൊണ്ടാണ് ഒറ്റക്കെട്ടായി ചെയ്യണമെന്നും പറയുന്നത്.

ശ്രീ. രാജു എബ്രഹാം : നദികൾ കൺകറന്റ് ലിസ്റ്റിൽപ്പെടുത്തിയ സാഹചര്യത്തിൽ ഈ നദികളെ സംരക്ഷിക്കാൻ ഒരു നിയമ നിർമ്മാണം നടത്തേണ്ട ആവശ്യമുണ്ടോ ?

ശ്രീ. എ. കെ. ആന്റണി : മറ്റ് വിശദാംശങ്ങൾ ആൾ പാർട്ടി മീറ്റിംഗിൽ ചർച്ച ചെയ്യാം.

LIBRARY ARCHIVES Kerala Legislative Assembly